# വെളിപ്പാട് പുസ്തകത്തിന്റെ ജീവ-പഠനം

## ദൂത് രണ്ട്

## ക്രിസ്തുവിന്റെ വെളിപാട് നിസ്തുലവും ആത്യന്തികവും

Tue ഈ ദൂതിൽ നാം ക്രിസ്തുവിന്റെ വെളിപാടിലേക്കു വരുന്നു. വെളിപ്പാട് പുസ്തകം വായിക്കുന്നതിൽ അനേകം ക്രിസ്ത്യാനികളും അതിൽ ഉള്ളടങ്ങിയിരിക്കുന്ന ക്രിസ്തുവിന്റെ വെളിപാടിന് പൂർണ്ണശ്രദ്ധ നല്കിയിട്ടില്ല. *യേശു ക്രിസ്തുവിന്റെ വെളിപാട്* എന്ന പ്രയോഗം 1:1-ൽ കാണുന്നുണ്ട്, വേദപുസ്തക പഠിതാക്കൾ ഇതിന്റെ വ്യാഖ്യാനത്തിൽ വ്യത്യസ്ത അഭിപ്രായങ്ങൾ വച്ചുപുലർത്തിയിരിക്കുന്നു. ചിലർ പറയുന്നത് ഈ പ്രയോഗം അർഥമാക്കുന്നത് വെളിപ്പാട് പുസ്തകം ഒരു വെളിപാടായി ക്രിസ്തുവിനാൽ നല്കപ്പെട്ട പുസ്തകമാകുന്നു എന്നാണ്. ക്രിസ്തുവിന്റെ വെളിപാടിനെ വളരെ വസ്തുനിഷ്ഠമാക്കുന്ന ഈ വ്യാഖ്യാനം കൃത്യമല്ല. നാം മുഴുവൻ വെളിപ്പാട് പുസ്തകവും വായിക്കുന്നുവെങ്കിൽ, വെളിപ്പാട് ക്രിസ്തുവിന്റെ തന്നെ അനാവരണമാണെന്ന് ഈ പ്രയോഗം സൂചിപ്പിക്കുന്നതായി നാം കാണും. ഇത് ക്രിസ്തുവിന്റെ ഒരു ചിത്രം, ഒരു വർണ്ണനയാണ്, ക്രിസ്തുവിനാൽ നല്കപ്പെട്ട വെറുമൊരു വെളിപാടല്ല. ക്രിസ്തുവാണ് മുഴുവൻ വെളിപ്പാട് പുസ്തകത്തിന്റെ കേന്ദ്രവും, ദൃഷ്ടികേന്ദ്രവും, പ്രധാന വ്യക്തിയും എന്നു നാം കാണണം. അങ്ങനെ, *യേശു ക്രിസ്തുവിന്റെ വെളിപാട്* എന്ന പ്രയോഗത്തെ വ്യക്തിനിഷ്ഠമായ രീതിയിൽ നാം എടുക്കണം. ഇതു ക്രിസ്തുവിനാൽ കേവലം നല്കപ്പെട്ട ഒരു വെളിപാടല്ല, പിന്നെയോ ക്രിസ്തുവിനെ നമുക്ക് അനാവരണം ചെയ്യുന്ന ഒരു വെളിപാടാണ്.

ക്രിസ്തുവിനെ പഴയനിയമത്തിലെ പ്രവചനങ്ങളിലും, മുൻകുറികളിലും സ്പഷ്ടമായ വചനങ്ങളിലും വെളിപ്പെടുത്തിയിരിക്കുന്നു. ഒരർഥത്തിൽ, നമുക്ക് പുതിയനിയമം ആവശ്യമില്ല, കാരണം ക്രിസ്തുവിനെ സംബന്ധിച്ച പ്രവചനങ്ങൾക്കും, മുൻകുറികൾക്കും, സ്പഷ്ടമായ വചനങ്ങൾക്കും വളരെ ശ്രദ്ധ നല്കിക്കൊണ്ട് നാം പഴയനിയമം വായിക്കുന്നുവെങ്കിൽ, നമുക്ക് ക്രിസ്തുവിന്റെ ഒരു വെളിപാട് ഉണ്ടായിരിക്കും. ഈ വെളിപാടുകളിലൂടെ യേശു ക്രിസ്തു എന്തു തരം ക്രിസ്തുവാണെന്ന് നമുക്ക് ചിത്രീകരിക്കുവാൻ കഴിയും.

എന്നിരുന്നാലും, പഴയനിയമത്തിലെ ക്രിസ്തുവിന്റെ വെളിപാട് എത്ര തികവുള്ളതാണെങ്കിലും, അവ പൂർണമല്ല. ഇക്കാരണത്താൽ, പൂർണമായും ക്രിസ്തുവിന്റെ വെളിപാടായ പുതിയനിയമത്തിലേക്കു നാം വരണം. സുവിശേഷങ്ങളും, പ്രവൃത്തികളും, ലേഖനങ്ങളും മാത്രം നാം വായിക്കുന്നുവെങ്കിൽ, നാം ക്രിസ്തുവിന്റെ അനേകം വശങ്ങൾ കാണുമെങ്കിലും വെളിപ്പാട് പുസ്തകത്തിൽ വിവരിച്ചിരിക്കുന്ന വശങ്ങൾ നാം കാണുകയില്ല. ഈ ദൂതിൽ നാം ഈ പുസ്തകത്തിൽ ഉള്ളടങ്ങിയിരിക്കുന്ന ക്രിസ്തുവിന്റെ വെളിപാടിന്റെ നിസ്തുലവും പ്രത്യേകവുമായ വശങ്ങൾ കാണണം.

## I. ആരോഹണത്തിലുള്ള ക്രിസ്തു

വെളിപ്പാട് പുസ്തകത്തിൽ, ക്രിസ്തുവിനെ ആരോഹണം ചെയ്തവനായി വെളിപ്പെടുത്തിയിരിക്കുന്നു (5:3-6, 8-14). ജഡാവതാരം ചെയ്യുകയും, ഭൂമിയിൽ ജീവിക്കുകയും, ക്രൂശിക്കപ്പെടുകയും, ഉയിർത്തെഴുന്നേൽക്കുകയും ചെയ്ത ക്രിസ്തുവിനെ നാലു സുവിശേഷങ്ങളിൽ നാം കാണുന്നു. എന്നാൽ, തന്റെ ആരോഹണത്തിലുള്ള ക്രിസ്തുവിനെക്കുറിച്ച് അധികമൊന്നും നാം കാണുന്നില്ല. ലേഖനങ്ങളിൽപോലും ക്രിസ്തുവിന്റെ ആരോഹണത്തെ സംബന്ധിച്ച് വളരെ കുറച്ചുമാത്രമേ നാം കാണുന്നുള്ളൂ. സുവിശേഷങ്ങളും, പ്രവൃത്തികളും, ലേഖനങ്ങളും ക്രിസ്തുവിന്റെ ആരോഹണത്തെ സംബന്ധിച്ച് കുറച്ചൊക്കെ പറയുന്നുവെങ്കിലും, ഈ പുസ്തകങ്ങളിൽ ക്രിസ്തുവിന്റെ ആരോഹണത്തിനുശേഷമുള്ള സ്വർഗത്തിലെ ദൃശ്യത്തിന്റെയോ സ്ഥിതിയുടെയോ വ്യക്തമായ ഒരു ചിത്രം നാം കാണുന്നില്ല. ഈ ചിത്രം നാം കാണണമെങ്കിൽ, തന്റെ ആരോഹണത്തിനുശേഷം സ്വർഗത്തിലുള്ള ക്രിസ്തുവിന്റെ ഒരു ഛായാചിത്രമുള്ള വെളിപ്പാട് പുസ്തകത്തിലേക്കു നാം വരണം. ഈ പുസ്തകത്തിൽ സ്വർഗത്തിലേക്ക് ആരോഹണം ചെയ്തവനായ ക്രിസ്തുവിന്റെ പൂർണ്ണവും വ്യക്തവുമായ ഒരു ചിത്രം നമുക്കുണ്ട്. ഇതുകൂടാതെ, ഈ ചിത്രത്തിൽ ക്രിസ്തുവിന്റെ ആരോഹണത്തിനുശേഷമുള്ള സ്വർഗത്തിലെ ദൃശ്യവും, കാഴ്ചയും, സ്ഥിതിയും നാം കാണുന്നു. ഈ വെളിപാട് കാണുമ്പോൾ മാത്രമേ നാം പര്യാപ്തമായ രീതിയിൽ അവനെ ആരാധിക്കുകയുള്ളൂ.

### A. സിംഹ-കുഞ്ഞാട്

തന്റെ ആരോഹണത്തിൽ, ക്രിസ്തു സിംഹ-കുഞ്ഞാടാണ് (5:5-6). യോഹന്നാന്റെ സുവിശേഷത്തിൽ, "ഇതാ, ദൈവത്തിന്റെ കുഞ്ഞാട്" എന്ന് യോഹന്നാൻ സ്നാപകൻ പ്രഖ്യാപിച്ചു. എന്നാൽ ക്രിസ്തുവിന്റെ ആരോഹണത്തിനു ശേഷമുള്ള സ്വർഗത്തിലെ ദൃശ്യത്തിൽ ക്രിസ്തുവിനെ പ്രധാനമായും കുഞ്ഞാടായല്ല, സിംഹമായാണ് വെളിപ്പെടുത്തിയിരിക്കുന്നത്. "ചുരുൾ തുറക്കുവാനോ അതിലേക്ക്

നോക്കുവാനോ യോഗ്യനായി ആരെയും കണ്ടെത്താത്തതുകൊണ്ട്" യോഹന്നാൻ കരഞ്ഞപ്പോൾ (വെളി. 5:4), മൂപ്പന്മാരിൽ ഒരുവൻ അവനോടു പറഞ്ഞു, "കരയേണ്ട; ഇതാ, യെഹൂദാഗോത്രത്തിലെ സിംഹവും, ദാവീദിന്റെ വേരുമായവൻ, ചുരുളും അതിന്റെ ഏഴു മുദ്രകളും തുറക്കുവാൻ ജയം പ്രാപിച്ചിരിക്കുന്നു" (5:5). ക്രൂശുമരണത്തിനുമുമ്പ്, യോഹന്നാന് കരയുവാൻ കാരണം ഉണ്ടായിരുന്നിരിക്കാം. എന്നാൽ ആരോഹണത്തിനു ശേഷം അവൻ കരയുന്നത് ഭോഷത്വമായിരുന്നു. നിങ്ങൾ ഇന്നു കരയുകയാണോ? നിങ്ങൾ ഇപ്പോഴും കരയുകയാണെങ്കിൽ, അത് അർഥമാക്കുന്നത് വെളിപ്പാട് 5-ലെ ആരോഹണംചെയ്ത ക്രിസ്തുവിന്റെ ദർശനം നിങ്ങൾ കണ്ടിട്ടില്ല എന്നാണ്. യെഹൂദാഗോത്രത്തിലെ സിംഹത്തെ നിങ്ങൾ നോക്കണം. യെഹൂദാഗോത്രത്തിലെ സിംഹമായ ക്രിസ്തുവിനെ സംബന്ധിച്ച് ഉല്പത്തി 49:8-9 പ്രവചിക്കുന്നുവെങ്കിലും വെളിപ്പാട് പുസ്തകത്തിൽ മാത്രമേ ക്രിസ്തു യെഹൂദാഗോത്രത്തിലെ സിംഹമാണെന്ന് നമ്മോടു പറഞ്ഞിട്ടുള്ളൂ. ദാവീദിന്റെ വേരായ യെഹൂദാഗോത്രത്തിലെ സിംഹം, ജയംപ്രാപിക്കുകയും ദൈവത്തിന്റെ വ്യവസ്ഥയുടെ മുദ്രകൾ തുറക്കുവാൻ യോഗ്യനായിരിക്കുകയും ചെയ്യുന്നു. മൂപ്പന്മാരിൽ ഒരുവനിൽനിന്നും യോഹന്നാൻ ഈ പ്രഖ്യാപനം കേട്ടതിനുശേഷം, "സിംഹാസനത്തിന്റെയും നാലു ജീവികളുടെയും മധ്യത്തിലും ഇപ്പോൾ അറുക്കപ്പെട്ടതുപോലെ ഒരു കുഞ്ഞാട് നിൽക്കുന്നത്" അവൻ കണ്ടു (5:6). അവൻ സിംഹത്തെ ഒരു കുഞ്ഞാടായി കണ്ടു. ക്രിസ്തു സിംഹമാണോ, അതോ കുഞ്ഞാടാണോ? അവൻ രണ്ടും ആണ്. തന്മൂലം നമുക്ക് അവനെ സിംഹ-കുഞ്ഞാട് എന്നു വിളിക്കാം.

എന്തുകൊണ്ടാണ് ക്രിസ്തു സിംഹവും കുഞ്ഞാടും ആയിരിക്കുന്നത്? അത് നമുക്ക് പാപവും സാത്താനും എന്ന രണ്ടു പ്രശ്നങ്ങൾ ഉള്ളതുകൊണ്ടാണ്. മിക്ക ക്രിസ്ത്യാനികളും പാപമെന്ന പ്രശ്നത്തെ മാത്രം ശ്രദ്ധിക്കുകയും സാത്താനെന്ന പ്രശ്നത്തെ മറക്കുകയും ചെയ്യുന്നു. നിങ്ങളുടെ ഭർത്താവ് വളരെ കഠിനനാണെന്ന് നിങ്ങൾ ചിന്തിക്കരുത്. അവനെ കുറ്റപ്പെടുത്താതെ, അവനു പിന്നിലുള്ള സാത്താനെ കുറ്റപ്പെടുത്തുക. അതുപോലെ, ഓരോ ഭാര്യയും നല്ലവളാണ്. നമ്മുടെ ഭാര്യമാരിൽനിന്നും വരുന്ന മോശമായ കാര്യങ്ങൾ വാസ്തവത്തിൽ അവരിൽനിന്നല്ല, അവരുടെ പിന്നിലുള്ള സാത്താനിൽ നിന്നുമാണ് വരുന്നത്. കുഞ്ഞാട് പാപത്തിനെതിരായിരിക്കുകയും പാപത്തിന്റെ പ്രശ്നത്തെ പരിഹരിക്കുകയും ചെയ്യുന്നു, സിംഹം സാത്താനോട് ഇടപെടുന്നു. കുഞ്ഞാടെന്ന നിലയിൽ, നമ്മുടെ പാപങ്ങളിൽനിന്നും നമ്മെ കഴുകിക്കൊണ്ട് ക്രിസ്തു വീണ്ടെടുപ്പ് നിവർത്തിച്ചിരിക്കുന്നു. സിംഹമെന്ന നിലയിൽ, അവൻ സാത്താനോട് ഇടപെട്ടിരിക്കുന്നു.

അവൻ നമ്മുടെ ആവശ്യങ്ങൾ സന്ധിക്കുവാനും നമ്മുടെ പ്രശ്നങ്ങൾ പരിഹരിക്കുവാനും മതിയായവനാണ്. ഇപ്പോൾ പാപം അവസാനിക്കുകയും, സാത്താൻ ഇല്ലാതാക്കപ്പെടുകയും, നാം ശത്രുവിന്റെ അപഹരിക്കുന്ന കരത്തിൽനിന്നും വീണ്ടെടുക്കപ്പെടുകയും രക്ഷപ്പെടുകയും ചെയ്തിരിക്കുന്നു.

## B. യോഗ്യനായവൻ

നമ്മുടെ രക്ഷകൻ കുഞ്ഞാടും സിംഹവും ആണ്. നമുക്ക് രക്ഷകനായ ഒരു സിംഹ-കുഞ്ഞാടുണ്ട്. ഇവൻ ചുരുൾ തുറക്കുവാൻ യോഗ്യനാണ്. അവനെകൂടാതെ, പ്രപഞ്ചത്തിൽ ആരും ദൈവത്തിന്റെ വ്യവസ്ഥയുടെ രഹസ്യത്തെ, മർമത്തെ, തുറക്കുവാൻ യോഗ്യനല്ല. എന്നാൽ അവൻ വീണ്ടെടുപ്പ് നിവർത്തിക്കുകയും സാത്താന്റെമേൽ ജയംനേടുക്കുകയും ചെയ്തതുകൊണ്ട് സിംഹ-കുഞ്ഞാട് യോഗ്യനാണ്. ക്രിസ്തു യോഗ്യനാണെന്ന് ക്രിസ്ത്യാനികളായ നാം പറഞ്ഞപ്പോഴെല്ലാം നമ്മുടെ ചിന്ത അവൻ നമ്മുടെ സ്തുതികൾക്കും സ്തോത്രത്തിനും ആരാധനയ്ക്കും യോഗ്യനാണെന്നായിരുന്നു. "കർത്താവായ യേശുവേ, നീ യോഗ്യൻ" എന്നു നാം പറഞ്ഞപ്പോൾ, അവൻ ദൈവത്തിന്റെ വ്യവസ്ഥയുടെ രഹസ്യമുദ്രകൾ തുറക്കുവാൻ യോഗ്യനായിരുന്നുവെന്ന് നമ്മിൽ അനേകരും തിരിച്ചറിഞ്ഞില്ല. അവന്റെ ചെറുസൃഷ്ടികളായ നമ്മിൽനിന്ന് ആരാധനയും, സ്തുതിയും, സ്തോത്രവും സ്വീകരിക്കുവാൻ ക്രിസ്തു യോഗ്യനായിരുന്നുവെന്ന ധാരണ മാത്രമാണ് നമുക്കുണ്ടായിരുന്നത്. എന്നാൽ ഇത് കർത്താവിന്റെ യോഗ്യതയെക്കുറിച്ചുള്ള അപര്യാപ്തമായ ഒരു ധാരണയാണ്. അതുകൊണ്ട് ക്രിസ്തുവിന്റെ യോഗ്യതയെ സംബന്ധിച്ച മിക്ക ഗീതങ്ങളും അവന്റെ യോഗ്യതയുടെ അപര്യാപ്തമായ ഈ ധാരണയെ പ്രകടമാക്കുന്നു. ദൈവത്തിന്റെ വ്യവസ്ഥയുടെ രഹസ്യം തുറക്കുവാൻ യോഗ്യനായ ക്രിസ്തുവിനെ അധികം ഗീതങ്ങൾ സ്തുതിക്കുന്നില്ല. കർത്താവിന്റെ യോഗ്യതയുടെ ഈ വശം സാർവത്രികവും അളവറ്റതുമാണ്. തീർച്ചയായും ക്രിസ്തു നമ്മുടെ സ്തുതികൾക്ക് യോഗ്യനാണ്. അവൻ നമ്മുടെ ജീവനുപോലും യോഗ്യനാണ്. എന്നിരുന്നാലും, വെളിപ്പാട് 5 പ്രകാരം, ക്രിസ്തുവിന്റെ യോഗ്യത ദൈവത്തിന്റെ വ്യവസ്ഥയുടെ രഹസ്യം തുറക്കുവാൻ അവനെ യോഗ്യനാക്കുന്നതിന്റെ കാര്യമാണെന്നു നാം തിരിച്ചറിയണം. പ്രപഞ്ചം ശാസ്ത്രജ്ഞന്മാർക്ക് അഴിക്കുവാൻ കഴിയാത്ത ഒരു മർമമാണ്. പ്രപഞ്ചത്തിന്റെ പൊരുളോ ഉദ്ദേശ്യമോ അവർക്കറിയില്ല, കാരണം അത് അവരിൽനിന്നും മറച്ചുവച്ചിരിക്കുന്ന ഒരു രഹസ്യമാണ്. എന്നാൽ ക്രിസ്തു ഈ രഹസ്യം തുറക്കുവാൻ യോഗ്യനാണ്, കാരണം ദൈവത്തിന്റെ വ്യവസ്ഥയുടെ മുദ്രകൾ തുറക്കുവാൻ അവനാണ് യോഗ്യൻ.

ചുരുളും അതിന്റെ ഏഴു മുദ്രകളും തുറക്കുവാൻ സിംഹം യോഗ്യനാണെന്ന് വെളിപ്പാട് 5:5 പറയുന്നു. തോൽക്കടലാസിനെയോ മറ്റേതെങ്കിലും വസ്തുവിനെയോ ചുരുട്ടി വച്ചിരിക്കുന്നതാണ് ചുരുൾ. ചുരുൾ ചുരുട്ടിവച്ചിരിക്കുന്നതിനാൽ, അതിന് എന്തുമാത്രം നീളമുണ്ടെന്ന് നിർണ്ണയിക്കുവാൻ പ്രയാസമാണ്. വെളിപ്പാട് 5-ലെ ചുരുൾ നിത്യതയോളം നീളമുള്ളതാണ്. നിത്യതയോളം നീളമുള്ള ഈ ചുരുൾ തുറക്കുവാൻ ക്രിസ്തു മാത്രമാണ് യോഗ്യൻ. ഈ ചുരുളിൽ അടങ്ങിയിരിക്കുന്ന സകലത്തെയും നിങ്ങൾ കണ്ടിട്ടുണ്ടെന്നു ചിന്തിക്കരുത്. ഇതിൽ അടങ്ങിയിരിക്കുന്ന സകലത്തെയും കാണുവാൻ നമുക്ക് നിത്യത ആവശ്യമാണ്. നാം പുതിയ യെരൂശലേമിൽ ആയിരിക്കുമ്പോഴും ചുരുളിലെ ഉള്ളടക്കം വായിക്കുകയായിരിക്കും. "ഇപ്പോൾ ഞാൻ കുറച്ചുകൂടി കാണുന്നു" എന്ന് നിത്യതയിൽ നാം പറയും. ദൈവം നമുക്ക് ഒരു നിത്യാശ്ചര്യം നല്കും. ചുരുൾ തുറക്കുന്നതിന്റെ ആശ്ചര്യം നിത്യതയോളം നിലനിൽക്കും. നിങ്ങൾ നിത്യതയിലായിരിക്കുമ്പോൾ, "കർത്താവിന്റെ ആശ്ചര്യം നിത്യമാണ്. നാം ഇപ്പോൾ നിത്യതയിലാണെങ്കിലും, നമുക്ക് ഇപ്പോഴും അവസാനം കാണുവാൻ കഴിയുന്നില്ല" എന്നു നിങ്ങൾ പറയുമായിരിക്കും. ദൈവത്തിന്റെ മർമത്തിന്റെ ഈ ചുരുൾ തുറക്കുവാൻ ക്രിസ്തു യോഗ്യനാണ്.

### C. ദൂതന്മാരാലും മറ്റു സകല സൃഷ്ടികളാലും ആരാധിക്കപ്പെടുന്നവൻ

ക്രിസ്തു ഇത്രത്തോളം യോഗ്യനായതുകൊണ്ട്, ഇവിടെ ഈ സ്വർഗീയ ദൃശ്യത്തിൽ അവൻ ദൂതന്മാരാലും മറ്റു സകല സൃഷ്ടികളാലും ആരാധിക്കപ്പെടുന്നു. ദൂതന്മാർ ഇരുപത്തിനാലു മൂപ്പന്മാരാലും, മറ്റെല്ലാ സൃഷ്ടികളും നാലു ജീവികളാലും പ്രതിനിധാനം ചെയ്യപ്പെടുന്നു. ദൂതന്മാർക്ക് ക്രിസ്തുവിനെ ആരാധിക്കുവാൻ നേതൃത്വമെടുക്കുന്ന ദൂതന്മാരായ ഇരുപത്തിനാലു മൂപ്പന്മാരുണ്ട്. ഇവിടെ ഈ ചിത്രത്തിൽ ഇരുപത്തിനാലു മൂപ്പന്മാരും, എല്ലാ ദൂതന്മാരും, നാലു ജീവികളും, മറ്റെല്ലാ സൃഷ്ടികളും സ്തുതിക്കുന്നത് നാം കാണുന്നു. ഒരുമിച്ച് അവർ ദൈവത്തിനും കുഞ്ഞാടിനും സാർവത്രികസ്തുതി അർപ്പിക്കുന്നു. നാം വിശ്വസിക്കുന്ന ക്രിസ്തു ഇങ്ങനെയുള്ള ഒരു സാർവത്രിക ക്രിസ്തു ആണ്!

## II. ക്രിസ്തു തന്റെ ഭരണനിർവഹണത്തിൽ

ഇപ്പോൾ നാം തന്റെ ഭരണനിർവഹണത്തിലുള്ള ക്രിസ്തുവിലേക്കു വരുന്നു. പ്രപഞ്ചത്തിൽ ഒരു ഭരണനിർവഹണം ഉണ്ട്. പ്രപഞ്ചം അർഥശൂന്യമായ ഒരു രീതിയിലല്ല പ്രവർത്തിക്കുന്നത്; അത് പ്രവർത്തിക്കുന്നത് ദൈവത്തിന്റെ ഭരണനിർവഹണത്തിനനുസരിച്ചാണ്.

ഈ ഭരണാധികാരിയെ നാം കാണുന്നില്ലെങ്കിലും, അവൻ തന്റെ ദിവ്യ ഭരണനിർവഹണം നടത്തിക്കൊണ്ടിരിക്കുന്നു. ഈയിടെ തെക്കൻ ചൈനയിൽ ഉണ്ടായ ഭൂകമ്പം പോലെയുള്ള എല്ലാ ഭൂകമ്പങ്ങളും അവന്റെ ഭരണനിർവഹണത്തിൽനിന്നു വരുന്നവയാണ്. ക്രിസ്തു രക്ഷകനും, സിംഹവും, കുഞ്ഞാടും മാത്രമല്ല; അവൻ സർവ പ്രപഞ്ചത്തിന്റെയും ഭരണാധികാരിയും ആണ്.

## A. സഭകളുടെ ഇടയിൽ

ഒന്നാമതായി, സഭകൾക്കുവേണ്ടി പൗരോഹിത്യ കരുതൽ നല്കിക്കൊണ്ട്, ക്രിസ്തു സഭകളുടെ ഇടയിൽ ദൈവോദ്ദേശ്യം നിർവഹിച്ചുകൊണ്ടിരിക്കുന്നു (1:11-18). ഒന്നാം അധ്യായത്തിൽ ക്രിസ്തുവിനെ മഹാപുരോഹിതന്റെ നിലയങ്കി ധരിച്ചുകാണ്ടുള്ള മനുഷ്യപുത്രനായി വെളിപ്പെടുത്തിയിരിക്കുന്നു. ഇന്ന് ദൈവത്തിന്റെ ഭരണനിർവഹണത്തിൽ, ക്രിസ്തു സഭകളുടെ ഇടയിൽ തന്റെ പൗരോഹിത്യ കരുതൽ നല്കുന്നു. സഭകളുടെ ഇടയിൽ അവൻ പൗരോഹിത്യ നിലയങ്കി ധരിച്ചവനാണ്. കൂടാതെ, "മാറത്ത് പൊൻകച്ച" കെട്ടിയിരിക്കുന്നു (1:13). അവൻ അരയിലല്ല മാറത്താണ് കച്ച കെട്ടിയിരിക്കുന്നത് എന്നത് താൽപര്യമുണർത്തുന്നതാണ്. അവന്റെ സകല വേലയും നിവർത്തിച്ചുകഴിഞ്ഞുവെന്നും, അവൻ ഇപ്പോൾ തന്റെ പ്രിയപ്പെട്ട സഭകൾക്കായി സ്നേഹമുള്ള കരുതൽ നല്കുന്നവെന്നും ഇതു സൂചിപ്പിക്കുന്നു. ഇന്ന് ക്രിസ്തു വേല ചെയ്യുന്നില്ല, അവൻ നമുക്കുവേണ്ടി കരുതുന്നതേയുള്ളൂ. അവൻ സ്നേഹത്തിൽ നമ്മെ ശാസിക്കുകയും ശിക്ഷിക്കുകയും ചെയ്യുന്നു. അവൻ ഇന്ന് തന്റെ സഭകൾക്കുവേണ്ടി കരുതുന്ന സ്നേഹവാനായ പുരോഹിതനാണ്.

## B. സ്വർഗത്തിൽ

ഒരുവശത്ത്, ക്രിസ്തു സഭകളുടെ ഇടയിലും, മറുവശത്ത്, ദൈവത്തിന്റെ വ്യവസ്ഥ നിർവഹിച്ചുകൊണ്ട് അവൻ സ്വർഗത്തിലും ആണെന്ന് വെളിപ്പാട് പുസ്തകം വ്യക്തമായി കാണിക്കുന്നു. ഇതിന്റെ ശക്തമായ തെളിവ് 5:7-ലാണ്; അവിടെ ക്രിസ്തു ചുരുൾ സ്വീകരിക്കുന്നതിനെക്കുറിച്ച് പറയുന്നു, "അവൻ വന്നു സിംഹാസനത്തിന്മേൽ ഇരിക്കുന്നവന്റെ വലം കൈയിൽനിന്ന് ആ ചുരുൾ വാങ്ങി." ദൈവത്തിന്റെ വ്യവസ്ഥയുടെ ചുരുൾ ക്രിസ്തുവിന്റെ കൈകളിൽ വച്ചിരിക്കുന്നു; അവനിപ്പോൾ ദൈവത്തിന്റെ വ്യവസ്ഥയെ പിടിച്ചിരിക്കുകയും അതു നടപ്പാക്കുകയും ചെയ്യുന്നു. പുതിയനിയമത്തിലെ മറ്റൊരു പുസ്തകത്തിലും നാം ഈ വെളിപാട് കാണുന്നില്ല. പ്രധാനമായും ഭൂമിയിലുള്ള ദൈവത്തിന്റെ ന്യായവിധിയെ സംബന്ധിക്കുന്ന ദൈവത്തിന്റെ വ്യവസ്ഥ ക്രിസ്തു സ്വർഗത്തിൽ നടപ്പാക്കുമ്പോൾ, അവൻ ദൈവജനത്തെ

കരുതുന്നു (7:1-3; 8:3-5). ഇത് ഏഴും എട്ടും അധ്യായങ്ങളിൽ പൂർണമായും വെളിപ്പെടുത്തിയിരിക്കുന്നു. ദൈവത്തിന് രണ്ടു ജനമുണ്ട്—യിസ്രായേൽജനവും, വീണ്ടെടുക്കപ്പെട്ട വിശുദ്ധന്മാരും. ദൈവത്തിന്റെ ഭരണനിർവഹണത്തിൽ ഭൂമി• ക്രിസ്തുവിനാൽ എത്രതന്നെ ന്യായംവിധിക്കപ്പെട്ടാലും തിരഞ്ഞെടുക്കപ്പെട്ട യിസ്രായേലിനെയും വീണ്ടെടുക്കപ്പെട്ട സഭയെയും അവൻ കരുതും. ഹല്ലേലൂയ്യാ, നാം എല്ലാവരും അവന്റെ ഭരണനിർവഹണത്തിൽ ക്രിസ്തുവിന്റെ കരുതലിൻ കീഴിലാണ്. ഇന്ന് ക്രിസ്തു യിസ്രായേൽ രാഷ്ട്രത്തെ കരുതുന്നുവെന്ന് ഞാൻ ശക്തമായി വിശ്വസിക്കുന്നു. മറ്റു രാഷ്ട്രങ്ങൾ എന്തു പറഞ്ഞാലും ചെയ്താലും അതിലൊരു കാര്യവുമില്ല, കാരണം യിസ്രായേൽ രാഷ്ട്രം ക്രിസ്തുവിന്റെ സാർവത്രിക ഭരണനിർവഹണത്തിന്റെ കരുതലിൻ കീഴിലാണ്. മറ്റു രാജ്യങ്ങൾ ചില കാര്യങ്ങൾ ശ്രമിക്കുന്നുണ്ടാകാം, എന്നാൽ സാർവത്രിക ഭരണാധികാരിയുടെ ജാഗ്രതയുള്ള താല്പര്യം നിമിത്തം സകലതും വ്യർഥമായിരിക്കും. ദൈവത്തിന്റെ വ്യവസ്ഥയുടെ നിറവേറലിനുവേണ്ടി സകലത്തെയും ഭരിച്ചുകൊണ്ട് സ്വർഗത്തിലുള്ള ഭരണാധികാരി എന്ന നിലയിൽ, നാം എല്ലാവരും ക്രിസ്തുവിനെ ആരാധിക്കണം.

## III. ക്രിസ്തു തന്റെ മടങ്ങിവരവിൽ

### A. കള്ളനെപ്പോലെ രഹസ്യത്തിൽ

വെളിപ്പാട് പുസ്തകം വെളിപ്പെടുത്തുന്നതുപോലെ ഇത്ര വ്യക്തമായി ക്രിസ്തുവിന്റെ മടങ്ങിവരവിനെ മറ്റൊരു പുസ്തകവും വെളിപ്പെടുത്തുന്നില്ല. ക്രിസ്തുവിന്റെ മടങ്ങിവരവിന് രണ്ടു വശങ്ങളുണ്ടെന്ന് ഈ പുസ്തകം വെളിപ്പെടുത്തുന്നു—രഹസ്യ വശവും, പരസ്യ വശവും. ക്രിസ്തു അത്ഭുതവാനായതുകൊണ്ട് ഇതു സാധ്യമാണ്. ഒന്നാമത് ക്രിസ്തു ഒരു കള്ളനെപ്പോലെ മടങ്ങിവരും (3:3; 16:15). ഒരു കള്ളനും താൻ എത്തിച്ചേരുന്ന സമയം മുൻകൂട്ടി നിങ്ങളോടു പറയുന്നില്ല. ഒരു കള്ളനെപ്പോലെയുള്ള അവന്റെ രഹസ്യവരവിൽ ക്രിസ്തു വിലയേറിയ വസ്തുക്കൾ മോഷ്ടിക്കുവാൻ വരും. ഒരു കള്ളനും വിലയില്ലാത്ത വസ്തുക്കൾ മോഷ്ടിക്കുന്നില്ല. കള്ളന്മാർ വിലയേറിയതു മോഷ്ടിക്കുവാൻ മാത്രമാണു വരുന്നത്. "നീ ഉണർന്നിരിക്കുന്നില്ലെങ്കിൽ, ഞാൻ കള്ളനെപ്പോലെ വരും, ഞാൻ ഏതു നാഴികയിൽ നിന്റെമേൽ വരുമെന്ന് നീ ഒരുവിധത്തിലും അറിയുകയില്ല" എന്നു പറഞ്ഞുകൊണ്ട് നാം ജാഗ്രതയുള്ളവരായിരിക്കണമെന്ന് ക്രിസ്തു നമ്മോടു പറയുന്നു (3:3). അവന്റെ രഹസ്യവരവിന്റെ സമയം അജ്ഞാതമാണ്. "ഞാൻ വിലയേറിയവനാണോ? തന്റെ രഹസ്യവരവിൽ ക്രിസ്തുവിനാൽ മോഷ്ടിക്കപ്പെടുവാൻ മൂല്യമുള്ളവനാണോ?" എന്ന് നമ്മോടുതന്നെ നാം ചോദിക്കണം.

### B. കാണത്തക്കവണ്ണം മേഘത്തിൽ

മഹോപദ്രവം അവസാനിക്കാറാകുമ്പോൾ ക്രിസ്തു കാണത്തക്കവണ്ണം മേഘത്തിൽ വരും (1:7; 14:14). ക്രിസ്ത്യാനികളുടെ ഇടയിൽ, ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിനെക്കുറിച്ച് രണ്ടു ധാരണകളുണ്ട്. ഒരു ധാരണയനുസരിച്ച്, ക്രിസ്തു ഉപദ്രവത്തിനുമുമ്പു വരികയും, മറ്റൊരു ധാരണയനുസരിച്ച്, അവന്റെ വരവ് ഉപദ്രവത്തിനു ശേഷമായിരിക്കുകയും ചെയ്യും. അനേകം ക്രിസ്ത്യാനികളും ക്രിസ്തുവിന്റെ വരവിന്റെ രണ്ടു വശങ്ങളെ—രഹസ്യവശവും പരസ്യവശവും—കണ്ടിട്ടില്ലാത്തതുകൊണ്ട്, അവർ തമ്മിൽ പോരാടിക്കൊണ്ടിരിക്കുന്നു. ഉപദ്രവത്തിനുമുമ്പുള്ള വരവിനും ഉപദ്രവത്തിനു ശേഷമുള്ള വരവിനും തിരുവെഴുത്തുകളിൽ ചില അടിസ്ഥാനങ്ങളുണ്ട്. എന്നാൽ, കാഴ്ചയ്ക്ക് തകരാറുള്ളതുകൊണ്ട്, മിക്ക ക്രിസ്ത്യാനികളും ക്രിസ്തുവിന്റെ മടങ്ങിവരവിന്റെ മുഴുവൻ ചിത്രവും കണ്ടിട്ടില്ല. ഒന്നാമത് ക്രിസ്തു രഹസ്യമായി വരുകയും പിന്നീട് അവൻ പരസ്യമായി വരുകയും ചെയ്യും. അവന്റെ രഹസ്യവരവ് ജയാളികളായ വിശുദ്ധന്മാർക്കുവേണ്ടിയും, അവന്റെ പരസ്യവരവ് സർവഭൂമിക്കുവേണ്ടിയും ആയിരിക്കും. അങ്ങനെ, 1:7 പറയുന്നു, "ഇതാ അവൻ മേഘങ്ങളോടുകൂടെ വരുന്നു; ഏതു കണ്ണും അവനെ കാണും." ക്രിസ്തു മേഘത്തിൽ വരുമ്പോൾ ഭൂമി അവനെ കാണും. ക്രിസ്തുവിന്റെ മടങ്ങിവരവ് ഒന്നാമതായി മറയ്ക്കപ്പെട്ടിരിക്കും, ഒടുവിൽ അത് കാണത്തക്കവണ്ണവും പരസ്യവുമായി വെളിവാക്കപ്പെട്ടുമിരിക്കും.

## IV. ക്രിസ്തു തന്റെ ന്യായവിധിയിൽ

വളരെ അനുലോമമായ അർഥത്തിൽ, വെളിപ്പാട് പുസ്തകം ന്യായവിധിയുടെ പുസ്തകമാണ്. ദൈവത്തിന്റെ ഭരണാധികാരിയായ ക്രിസ്തു സകലത്തെയും ന്യായംവിധിക്കും. ഒന്നാമത്, അവൻ സഭയെ ന്യായംവിധിക്കുന്നു, അതിനുശേഷം അവൻ ലോകത്തെ ന്യായംവിധിക്കും.

### A. സർവലോകത്തിന്മേലും

ആറാമത്തെ മുദ്രയോടും, ഏഴു കാഹളങ്ങളോടും, ഏഴു കലശങ്ങളോടുംകൂടെ ക്രിസ്തു സർവലോകത്തെയും ന്യായംവിധിക്കും (6:12-17; 8:1-2, 12; 11:14-15; 15:1, 7-8; 16:1-21). ക്രിസ്തുവിന്റെ ആരോഹണം മുതലുള്ള പത്തൊമ്പതിലധികം നൂറ്റാണ്ടുകളിൽ, ലോകം പ്രകൃതിദുരന്തങ്ങളാൽ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ആറാമത്തെ മുദ്ര തുറക്കുന്നതു മുതൽ ലോകം പ്രകൃത്യാതീത ദുരന്തങ്ങളാൽ ശിക്ഷിക്കപ്പെടും. വെളിപ്പാട് 6:12-13 പറയുന്നു,

"അവൻ ആറാം മുദ്ര പൊട്ടിച്ചപ്പോൾ ഞാൻ കണ്ടത്, ഒരു വലിയ ഭൂകമ്പം ഉണ്ടായി, സൂര്യൻ രോമംകൊണ്ട് ഉണ്ടാക്കിയ രട്ടുപോലെ കറുപ്പായിത്തീർന്നു, ചന്ദ്രൻ മുഴുവനും രക്തം പോലെയായി: അത്തിവൃക്ഷം വലിയ കാറ്റിനാൽ കുലുങ്ങുമ്പോൾ അതിന്റെ പാകമാകാത്ത അത്തിപ്പഴം ഉതിർക്കുന്നതുപോലെ ആകാശത്തിലെ നക്ഷത്രങ്ങൾ ഭൂമിയിൽ വീണു." സൂര്യൻ കരിമ്പടംപോലെ കറുപ്പായിത്തീരുന്നതും, ചന്ദ്രൻ രക്തം പോലെയായിത്തീരുന്നതും, നക്ഷത്രങ്ങൾ ഭൂമിയിലേക്കു വീഴുന്നതും പ്രകൃത്യാതീതമായ ദുരന്തങ്ങളാണ്. ഏഴു കാഹളങ്ങളും പ്രകൃത്യാതീതമായ ദുരന്തങ്ങളായിരിക്കും. ആദ്യത്തെ നാലു കാഹളങ്ങൾ ഭൂമിയുടെയും, സമുദ്രത്തിന്റെയും, നദികളുടെയും, സൂര്യന്റെയും, ചന്ദ്രന്റെയും, നക്ഷത്രങ്ങളുടെയുംമേൽ ന്യായവിധി കൊണ്ടുവരും. മഹോപദ്രവം അഞ്ചാമത്തെ കാഹളത്തോടുകൂടെ ആരംഭിക്കുകയും, ആറാമത്തെ കാഹളത്തോടൊപ്പം തുടരുകയും, ഏഴാമത്തെ കാഹളത്തിന്റെ ഏഴു കലശങ്ങളോടുകൂടെ അവസാനിക്കുകയും ചെയ്യും. ഇവയെല്ലാം ലോകത്തിന്റെമേൽ ക്രിസ്തുവിനാൽ നടപ്പാക്കപ്പെടുന്ന ന്യായവിധികളാണ്.

## B. മഹാബാബിലോണിന്മേൽ

വെളിപ്പാട് 17-ലും 18-ലും വിശ്വാസത്യാഗിയായ ക്രൈസ്തവലോകം എന്ന മഹാബാബിലോണിന്മേലുള്ള ന്യായവിധിയെ നാം കാണുന്നു. സർവലോകത്തിന്മേലുമുള്ള അവന്റെ ന്യായവിധിക്കുപുറമെ, കർത്താവ് മഹാബാബിലോൺ എന്ന ക്രൈസ്തവലോകത്തിന്മേൽ പ്രത്യേകമായ ഒരു ന്യായവിധി നടത്തും.

## C. എതിർക്രിസ്തുവിന്റെയും, കള്ളപ്രവാചകന്റെയും, സാത്താന്റെയും അവരുടെ അനുയായികളുടെയുംമേൽ

ക്രിസ്തുവിന്റെ ന്യായവിധി എതിർക്രിസ്തുവിന്റെയും, കള്ളപ്രവാചകന്റെയും, സാത്താന്റെയും, അവരുടെ അനുയായികളുടെയുംമേൽ ഉണ്ടാകും (19:11-20:3, 7-10). എതിർക്രിസ്തു അധർമത്തിന്റെ മനുഷ്യനും (2 തെസ്സ. 2:3) ചെറിയ കൊമ്പും (ദാനി. 7:8) ആണ്, കള്ളപ്രവാചകൻ എതിർക്രിസ്തുവിനോടുകൂടെ പ്രവർത്തിക്കുന്നവൻ ആണ്. എതിർക്രിസ്തുവും കള്ളപ്രവാചകനും സാത്താനും പൈശാചികമായി ത്രിയേകനും, വ്യാജ ത്രിത്വത്തെ രൂപപ്പെടുത്തുന്നവരും ആണ്. എതിർക്രിസ്തു അത്രത്തോളം വശീകരിക്കുന്നവനും ആകർഷണീയനുമായതുകൊണ്ട്, അവന് വളരെ അനുയായികൾ ഉണ്ടായിരിക്കും. എന്നാൽ അവന്റെ എല്ലാ അനുയായികളും എതിർക്രിസ്തുവിനോടും കള്ളപ്രവാചകനോടും സാത്താനോടുംകൂടെ നശിപ്പിക്കപ്പെടും. ക്രിസ്തു എതിർക്രിസ്തുവിനെയും കള്ളപ്രവാചകനെയും പ്രകൃത്യാതീതമായ ദുരന്തങ്ങൾ

മുഖാന്തരം ന്യായംവിധിക്കും: ഭൂമിയുടെ വായ് തുറക്കുകയും അവർ തീപ്പൊയ്കയിലേക്കു നേരിട്ട് വീഴുകയും ചെയ്യും. അവർ മരിക്കുകയും, അടക്കപ്പെടുകയും ഉയിർത്തെഴുന്നേൽക്കുകയും ചെയ്തശേഷം വലിയ വെള്ളസിംഹാസനത്തിങ്കൽ ന്യായവിധിക്കപ്പെടുകയില്ല. അവരുടെ കാര്യത്തിൽ ഈ പ്രക്രിയകളുടെ ആവശ്യം ഇല്ല. അവർ പ്രകൃത്യാതീതമായി തീപ്പൊയ്കയിലേക്കു വീഴും.

## D. മരിച്ചവരുടെമേൽ

അവസാനമായി, ദൈവത്തിന്റെ ഭരണാധികാരിയെന്ന നിലയിൽ ക്രിസ്തു മരിച്ചവരെ ന്യായംവിധിക്കും (20:11-15). നിങ്ങൾ മരിച്ചാൽ എല്ലാം ശരിയാകും എന്നു ചിന്തിക്കരുത്. നിങ്ങൾ മരിക്കുവാൻ ആഗ്രഹിച്ചേക്കാം, എന്നാൽ ദൈവം നിങ്ങളെ ജീവിപ്പിക്കുവാൻ ആഗ്രഹിക്കുന്നു. ഇന്ന് രക്ഷയ്ക്കുവേണ്ടി അവൻ നിങ്ങളെ ജീവിപ്പിക്കുവാൻ നിങ്ങൾ ഇച്ഛിക്കുന്നില്ലെങ്കിൽ, പഴയ സൃഷ്ടിയുടെ അന്ത്യത്തിൽ അവൻ നിങ്ങളെ ന്യായവിധിക്കായി ഉയിർപ്പിക്കും. ആ സമയം, അനുലോമമായ ഒരു രീതിയിലല്ല അവൻ നിങ്ങളെ ഉയിർപ്പിക്കുന്നത്, പിന്നെയോ പ്രതിലോമമായ രീതിയിലാണ്. യോഹന്നാൻ 5:28-29 പറയുന്നു, "കല്ലറകളിലുള്ള എല്ലാവരും അവന്റെ ശബ്ദം കേൾക്കുവാനുള്ള നാഴിക വരുന്നു....തിന്മ ആചരിച്ചവർ ന്യായവിധിയുടെ പുനരുത്ഥാനത്തിലേക്ക് പുറപ്പെട്ടുവരും." മരിച്ച അവിശ്വാസികൾ നിത്യതയോളം അടക്കം ചെയ്യപ്പെട്ടിരിക്കുകയില്ല. അവരെ ഉയിർപ്പിക്കുകയും, ന്യായംവിധിക്കുകയും, പിന്നീട് തീപ്പൊയ്കയിൽ എറിയുകയും ചെയ്യും.

## V. ക്രിസ്തു ഭൂമിയെ തന്റെ കൈവശമാക്കുന്നതിൽ

ലോകത്തിന്മേലുള്ള അവന്റെ ന്യായവിധി പൂർത്തിയാകുമ്പോൾ ഭൂമിയെ പൂർണ്ണമായി കൈവശമാക്കുവാൻ ക്രിസ്തു മടങ്ങിവരും (10:1-7; 18:10). മുഴുവൻ ഭൂമിയും അവന് സ്വന്തമായിരിക്കും: അതിൽ ഒരു അംശംപോലും മറ്റാർക്കും സ്വന്തമായിരിക്കുകയില്ല. ഇന്ന് അനേകം രാഷ്ട്രങ്ങൾ അവരുടെ ഭൂപ്രദേശം വർധിപ്പിക്കുവാൻ പോരാടിക്കൊണ്ടിരിക്കുന്നു; എന്നാൽ അവർ വ്യർഥമായി പോരാടുന്നു, കാരണം അവർ നേടുന്നതെല്ലാം ഒടുവിൽ ക്രിസ്തുവിന് സ്വന്തമാകും. ഭൂമിയെ സ്വന്തമാക്കാനുള്ള അവന്റെ മടങ്ങിവരവിൽ ക്രിസ്തു മറ്റൊരു ദൂതനെപ്പോലെയായിരിക്കും. വെളിപ്പാട് പുസ്തകത്തിൽ അനേകം തവണ "മറ്റൊരു ദൂതൻ" എന്ന ശീർഷകം ക്രിസ്തുവിനോടുള്ള ബന്ധത്തിൽ ഉപയോഗിച്ചിട്ടുണ്ട് (7:2; 8:3; 10:1; 18:1). ദൈവത്തിന്റെ ഭരണാധികാരിയെന്ന നിലയിൽ അവൻ ഒരു ദൂതനെപ്പോലെ പെരുമാറുന്നതുകൊണ്ടാണ് ക്രിസ്തുവിനെ കുറിക്കുവാൻ ഈ ശീർഷകം ഉപയോഗിച്ചിരിക്കുന്നത്. പഴയനിയമത്തിൽ ദൈവത്തിന്റെ ദൗത്യം

നടപ്പാക്കുവാൻ ദൈവത്താൽ അയയ്ക്കപ്പെട്ടവനായ ക്രിസ്തുവിനെ യഹോവയുടെ ദൂതൻ എന്നു വിളിച്ചിരുന്നു (ഉല്പ. 22:11-12; പുറ. 3:2-6). അവൻ ഭൂമിയെ കൈവശമാക്കുവാൻ വരുമ്പോൾ, ഈ ഉദ്ദേശ്യത്തിനുവേണ്ടി ദൈവത്താൽ നിയോഗിക്കപ്പെട്ട ഒരുവനായി അവൻ വരും. അവൻ വലിയ അധികാരമുള്ള മറ്റൊരു ദൂതനായി, തന്റെ തേജസ്സിൽ വരും (18:1). അവന്റെ വരവിൽ, "അവൻ തന്റെ വലതുകാൽ സമുദ്രത്തിന്മേലും ഇടതുകാൽ ഭൂമിയിന്മേലും" വയ്ക്കും (10:2). ഇതു സൂചിപ്പിക്കുന്നത് അവൻ സമുദ്രത്തിന്മേലും ഭൂമിമേലും ചവിട്ടും എന്നാണ്, എന്നുവച്ചാൽ അവൻ അവയെ കൈവശമാക്കും എന്നാണ് (ആവ. 11:24; യോശു. 1:3). വേദപുസ്തകത്തിൽ, നിങ്ങളുടെ കാൽ ചവിട്ടുന്നിടമെല്ലാം നിങ്ങളുടെ സ്വന്തമായിത്തീരുന്നു. ക്രിസ്തു സമുദ്രത്തിന്മേലും കരയിലും ചവിട്ടുന്നതിനാൽ സമുദ്രവും കരയും അവന് സ്വന്തമായിത്തീരും. ഭൂമിയെ ക്രിസ്തു കൈവശമാക്കിയതിനുശേഷം, അവൻ ദൈവത്തിന്റെ മർമം പൂർത്തീകരിക്കും (വെളി. 10:7). ആ സമയം ദൈവവ്യവസ്ഥ പൂർണ്ണമായി വെളിവാക്കപ്പെടും. അത് ഇനിമേൽ ഒരു മർമമായിരിക്കുകയില്ല, ഒരു തുറന്ന രഹസ്യമായിരിക്കും.

## VI. രാജ്യത്തിൽ ക്രിസ്തു വാഴുന്നതിൽ

ക്രിസ്തു ഭൂമിയെ കൈവശമാക്കിയശേഷം തന്റെ ജയാളികളായ വിശ്വാസികളോടുകൂടെ രാഷ്ട്രങ്ങളുടെമേൽ വാണുകൊണ്ട് രാജ്യത്തിൽ രാജാവായി ഭൂമിയിന്മേൽ വാഴും (20:4, 6; 2:26-27). നമ്മളിലാരും ഈ ഭൂമിയിലെ ഭരണാധികാരികളിൽ സന്തുഷ്ടരല്ല. ലോകത്തിലുടനീളം സഞ്ചരിച്ചിട്ടുള്ളവനും ലോക സാഹചര്യത്തെ അറിയുവാൻ ഇടയായവനും എന്ന നിലയിൽ, ഭരണത്തെ സംബന്ധിച്ചിടത്തോളം മുഴുവൻ ഭൂമിയും പരിതാപകരമാണെന്ന് ഞാൻ മനസ്സിലാക്കുന്നു. എവിടെയാണ് ശരിയായ ഭരണാധികാരികൾ? ഭൂമിയെ ഭരിക്കുവാൻ രാജാവായി ക്രിസ്തു വരുന്ന ദിവസത്തിനായി നാം കാത്തിരിക്കുകയാണ്. ക്രിസ്തു തന്റെ രാജ്യത്തിൽ വാഴുകയും, നാം അവന്റെ സഹ-രാജാക്കന്മാരായിരിക്കുകയും ചെയ്യും.

## VII. നിത്യതയിൽ ക്രിസ്തു തന്റെ കേന്ദ്രീയതയിലും സാർവത്രികതയിലും

ആത്യന്തികമായി, വെളിപ്പാട് പുസ്തകത്തിൽ നിത്യതയിൽ ക്രിസ്തുവിനെ അവന്റെ കേന്ദ്രീയതയിലും സാർവത്രികതയിലും നാം കാണുന്നു. നിത്യതയിൽ ക്രിസ്തു എല്ലാമായിരിക്കും. ജീവജലനദിയിൽ വളരുന്ന ജീവവൃക്ഷം എന്ന നിലയിൽ (22:1-2) പുതിയ യെരുശലേമിൽ അവൻ കേന്ദ്രീയതയും സാർവത്രികതയും ആയിരിക്കും (21:9-10, 23). വെളിപ്പാട് 21:23-ൽ

ക്രിസ്തുവിന്റെ കേന്ദ്രീയതയുടെയും സാർവത്രികതയുടെയും വ്യക്തമായ ഒരു ചിത്രം നമുക്കുണ്ട്. ദൈവം വെളിച്ചമാണെന്നും, കുഞ്ഞാടായ ക്രിസ്തു വിളക്കാണെന്നും ഇവിടെ നാം കാണുന്നു. വെളിച്ചം എപ്പോഴും വിളക്കിൽ ഉൾപ്പെട്ടിരിക്കുന്നു. അതിനാൽ വെളിച്ചത്തെയും വിളക്കിനെയും ഒരിക്കലും വേർപെടുത്തരുത്; അവ ഒന്നായി നിലനിൽക്കണം. ദൈവം വെളിച്ചവും, ക്രിസ്തു വിളക്കും, പുതിയ യെരൂശലേം ഈ വിളക്കിന്റെ പാത്രവും ആണ്. ദൈവം ക്രിസ്തുവിലും ക്രിസ്തുവിലൂടെയും പ്രകാശിക്കുന്നു, ക്രിസ്തു പുതിയ യെരൂശലേമിലും പുതിയ യെരൂശലേമിലൂടെയും പ്രകാശിക്കുന്നു. ഇതിലൂടെ വരുവാൻപോകുന്ന നിത്യതയുടെ കേന്ദ്രീയതയും സാർവത്രികതയും ക്രിസ്തുവായിരിക്കും എന്നു നാം കാണുന്നു. ദൈവം ക്രിസ്തുവിലും ക്രിസ്തു വീണ്ടെടുക്കപ്പെട്ടരിലും നിത്യതയോളം പ്രകാശിക്കും. ഇതായിരിക്കും പുതിയ യെരൂശലേമിൽ ക്രിസ്തു കേന്ദ്രവും, പരിധിയും, സകലവും ആയിരിക്കുമ്പോഴുള്ള നിത്യതയിലെ രംഗം. ഇതാണ് നമ്മുടെ ക്രിസ്തു!